ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. ജില്ലാ ലൈബ്രറി കൗൺസിൽ വികസന സമിതിയാണ് പുസ്തകോത്സവങ്ങൾ സംഘടിപ്പിച്ചു വരുന്നത്. കേരളത്തിലെ മിക്ക പ്രസാധകരും വലുപ്പച്ചെറുപ്പമില്ലാതെ ഇതിൽ പങ്കെടുക്കുന്നുണ്ട്. ഇവിടെ വൈവിദ്ധ്യമാർന്ന പുസ്തകങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണമുള്ള പുസ്തകങ്ങൾ, അവർക്ക് താൽപ്പര്യമുള്ള പ്രസാധകരിൽ നിന്ന് തെരഞ്ഞെടുക്കുവാനും അവസരം ലഭിക്കുന്നു.

(ബി) ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജില്ലകളിൽ പുസ്തകോത്സവങ്ങൾക്ക് വേണ്ടത്ര പ്രചരണം നൽകുന്നുണ്ട്. പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഗ്രന്ഥശാലാ പ്രവർത്തകർക്ക് ആവശ്യമായ സമയം ലഭിക്കുന്നതായി അറിയുന്നു. പുസ്തകോത്സവത്തിൽ വലുതും ചെറുതുമായ പ്രസാധകരുടെ നിരവധി പുസ്തകങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഗുണനിലവാരമുള്ള പുസ്തകങ്ങൾ അതിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്.

(ഇ) ജില്ലാതല പുസ്തകോത്സവം സംഘടിപ്പിക്കുന്നത് ജില്ലാ ലൈബ്രറി കൗൺസിൽ വികസന സമിതിയാണ്. അതാതു ജില്ലയിലെ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരും, സാഹിത്യകാരൻമാരും, ഗ്രന്ഥശാലാ പ്രവർത്തകരും ഉൾപ്പെട്ട സമിതിയാണ്. ഇത് കേരള പബ്ലിക് ലൈബ്രറീസ് റൂൾസിന് വിധേയമായിട്ടില്ല പ്രവർത്തിക്കുന്നത്. ജില്ലാ ലൈബ്രറി കൗൺസിൽ രൂപകൽപ്പന ചെയ്യുന്ന വികസന പ്രവർത്തനങ്ങളുടെയും മറ്റ് എല്ലാ ധന വിനിയോഗങ്ങളും ഓഡിറ്റിന് വിധേയമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സാംസ്കാരികരംഗം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും നടപടി

***(800)** എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാംസ്കാരികരംഗം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്ക് എത്ര വീതം തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏക സാംസ്കാരിക സ്ഥാപനമായ ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ :

(ഡി) മേൽ സ്ഥാപനത്തിൽ എത്ര രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly